**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2054 18.07.2016 -ൽ മറുപടിക്ക്**

**<u>പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം കെ. എസ്.റ്റി.പി ഏറ്റെടുത്തത് എന്നാണെന്നും പ്രസ്തുത റോഡ് ഇപ്പോൾ എവിടെ വരെ വികസിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി കൾ ഇപ്പോൾ നടന്നു വരുന്നുണ്ടോ; എങ്കിൽ ഏത് ഭാഗത്തെന്നും എത്ര കിലോ മീറ്റർ റോഡെന്നും വെളിപ്പെടുത്താമോ; | (എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി - ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം 2002 ൽ തുടങ്ങുകയും 2007 ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ റോഡിന്റെ അടുത്ത റീച്ചായ 50.22 കി.മീ ദൈർഘ്യമുള്ള പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡ് 28.05.2014 ൽ കെ.എസ്.ടി.പി ഏറ്റെടുക്കുകയും ഇപ്പോൾ ലോകബാങ്ക് ധനസഹായത്തോട്ടു കൂടി നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി-രണ്ട് പദ്ധതിയിൽ പെടുത്തി റോഡ് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചും വരുന്നു. 90% ഇതുവരെ പൂർത്തിയായിട്ടുണ്ട്. അടുത്ത റീച്ചായ 82 കി.മീ ദൈർഘ്യമുള്ള പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP Hybrid Annuity) നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി എന്തു തുകയാണ് ചെലവഴിക്കുന്നതെന്നും ഇതിനുള്ള തുക എവിടെ നിന്നാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ | (ബി) ലോകബാങ്ക് ധനസഹായത്തോടെ ഇപ്പോൾ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി - രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 50.22 കി.മീ ദൈർഘ്യമുള്ള പൊൻകുന്നം - തൊടുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തി 227.13 കോടി രൂപയ്ക്കാണ് നിർമ്മാണ കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയ്ക്ക് ലോക ബാങ്കും സംസ്ഥാന സർക്കാരുമാണ് തുക ലഭ്യമാക്കുന്നത്. |

(സി) പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളുമായി എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാനുള്ളതെന്നും 20 വർഷമായിട്ടും ഈ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ വൈകിയതിന്റെ കാരണവും വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കാൻ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൊത്തം ഏറ്റെടുക്കേണ്ടതായ 26.6518 ഹെക്ടർ ഭൂമിയിൽ 26.6300 ഹെക്ടർ സ്ഥലവും ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി സമയബന്ധിതമായി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത ഭാഗത്തെ റോഡ് നിർമ്മാണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാർ ഈ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് റദ്ദാക്കി മറ്റേതെങ്കിലും ഏജൻസി മുഖേന നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(ഡി) ലോക ബാങ്കുമായുള്ള കരാർ നിബന്ധന അനുസരിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന പുനലൂർ- പൊൻകുന്നം റോഡിന്റെ Rquest for Qualification (RFQ) ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് കമ്പനികൾ പ്രൊപ്പോസൽ നൽകുകയുണ്ടായി. എന്നാൽ ഇതിൽ ഒരു കമ്പനിയ്ക്ക് മാത്രമേ ക്വാളിഫിക്കേഷൻ ഉണ്ടായിരുന്നുള്ളൂ. ഈ വിവരം ലോക ബാങ്കിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കമ്പനികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ വീണ്ടും RFQ ക്ഷണിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പുനലൂർ - പൊൻകുന്നം റോഡ് പി.പി.പി മാതൃകയിൽ നിർമ്മിക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**